# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 3

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിൽ ഒക്ടോബർ 25ന് നടത്താനിരുന്ന ഏഴാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി./ബി.കോം എൽ.എൽ.ബി. (2015 അഡ്മിഷൻ റഗുലർ) ലോ ഓഫ് പ്രോപ്പർട്ടി എന്ന വിഷയത്തിന്റെ പരീക്ഷ ഡിസംബർ 10ന് നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. പരീക്ഷസമയം, കേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/2112/2019)

## പരീക്ഷ തീയതി

രണ്ടാം വർഷ എം.എസ്‌സി. മെഡിക്കൽ മൈക്രോബയോളജി (2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ സപ്ലിമെന്ററി, 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 31 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ 11 വരെയും 525 രൂപ പിഴയോടെ 12 വരെയും 1050 രൂപ സൂപ്പർഫൈനോടെ 13 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/2113/2019)

ഏഴാം സെമസ്റ്റർ ബി.പി.ഇ.എസ്. (2016 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ജനവരി ഒന്നുമുതൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ ഏഴുവരെയും 525 രൂപ പിഴയോടെ ഒൻപതുവരെയും 1050 രൂപ സൂപ്പർഫൈനോടെ 10 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/2114/2019)

മൂന്നാം സെമസ്റ്റർ ബി.പി.എഡ്. (2018 അഡ്മിഷൻ റഗുലർ/2015-2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനവരി ഒന്നുമുതൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ ഏഴുവരെയും 525 രൂപ പിഴയോടെ ഒൻപതുവരെയും 1050 രൂപ സൂപ്പർഫൈനോടെ 10 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/2115/2019)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഫൈറ്റോ മെഡിക്കൽ സയൻസ് (2018 അഡ്മിഷൻ റഗുലർ. 2014-2017 അഡ്മിഷൻ സപ്ലിമെന്ററി, 2012-13 അഡ്മിഷൻ മേഴ്‌സി ചാൻസ്) നവംബർ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ അഞ്ചിന് തിരുവല്ല മാർ അത്താനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2116/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2117/2019)

## എം.ജി. എംപ്ലോയ്‌മെന്റ് ഗൈഡൻസ് ബ്യൂറോയിൽ കമ്പ്യൂട്ടർ പരീക്ഷ പരിശീലന സംവിധാനം; വിജയികൾക്ക് അനുമോദനം

മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്‌മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിച്ച കമ്പ്യൂട്ടർ പരീക്ഷ പരിശീലന സംവിധാനത്തിന്റെ ഉദ്ഘാടനവും ബ്യൂറോ നടത്തുന്ന വിവിധ മത്സര പരിശീലന പരിപാടികളിൽ പങ്കെടുത്ത് ജോലി കരസ്ഥമാക്കിയവരെയും റാങ്ക് പട്ടികകളിൽ

ഇടം നേടുകയും ചെയ്തവരെ അനുമോദിക്കുന്ന 'സഫലം 2019' പരിപാടിയും രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ ഉദ്ഘാടനം ചെയ്തു.

ഗൈഡൻസ് ബ്യൂറോയിൽ നടന്ന ചടങ്ങിൽ ചീഫ് പ്രൊഫ. ടി.വി. തുളസീധരൻ അധ്യക്ഷത വഹിച്ചു. എംപ്ലോയ്മെന്റ് എറണാകുളം മേഖല ഡെപ്യൂട്ടി ഡയറക്ടർ എം.എൻ. പ്രഭാകരൻ മുഖ്യപ്രഭാഷണം നടത്തി. മുൻ ഡെപ്യൂട്ടി ചീഫ് പി.ടി. അലക്സാണ്ടർ വിജയികളെ അനുമോദിച്ചു. മുൻ ഡെപ്യൂട്ടി ചീഫ് വി.കെ. രാമദാസ് ഉപഹാരങ്ങൾ സമ്മാനിച്ചു. ഓൺലൈൻ പരീക്ഷ പരിശീലനത്തിന്റെ ഉദ്ഘാടനം സബ് റീജണൽ എംപ്ലോയ്മെന്റ് ഓഫീസർ എ.എം. സോണിയ നിർവഹിച്ചു. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കെ.എം. ഉമ്മർ ഫലകം അനാച്ഛാദനം ചെയ്തു. ഡെപ്യൂട്ടി ചീഫ് ജി. ജയശങ്കർ പ്രസാദ്, ഡോ. കെ.എസ്. ബാസ്റ്റിയൻ, സി.ജെ. നെൽസൺ എന്നിവർ പ്രസംഗിച്ചു.

## <u>ഫോട്ടോ ക്യാപ്ഷൻ</u>

**മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിച്ച കമ്പ്യൂട്ടർ പരീക്ഷ പരിശീലന സംവിധാനത്തിന്റെ ഉദ്ഘാടനവും ബ്യൂറോ നടത്തുന്ന വിവിധ മത്സര പരിശീലന പരിപാടികളിൽ പങ്കെടുത്ത് ജോലി കരസ്ഥമാക്കിയവരെയും റാങ്ക് പട്ടികകളിൽ ഇടം നേടുകയും ചെയ്തവരെ അനുമോദിക്കുന്ന 'സഫലം 2019' പരിപാടിയും രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/2118/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 3

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിൽ ഒക്ടോബർ 25ന് നടത്താനിരുന്ന ഏഴാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി./ബി.കോം എൽ.എൽ.ബി. (2015 അഡ്മിഷൻ റഗുലർ) ലോ ഓഫ് പ്രോപ്പർട്ടി എന്ന വിഷയത്തിന്റെ പരീക്ഷ ഡിസംബർ 10ന് നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. പരീക്ഷസമയം, കേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/2112/2019)

## പരീക്ഷ തീയതി

രണ്ടാം വർഷ എം.എസ്‌സി. മെഡിക്കൽ മൈക്രോബയോളജി (2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ സപ്ലിമെന്ററി, 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 31 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ 11 വരെയും 525 രൂപ പിഴയോടെ 12 വരെയും 1050 രൂപ സൂപ്പർഫൈനോടെ 13 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/2113/2019)

ഏഴാം സെമസ്റ്റർ ബി.പി.ഇ.എസ്. (2016 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ജനവരി ഒന്നുമുതൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ ഏഴുവരെയും 525 രൂപ പിഴയോടെ ഒൻപതുവരെയും 1050 രൂപ സൂപ്പർഫൈനോടെ 10 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/2114/2019)

മൂന്നാം സെമസ്റ്റർ ബി.പി.എഡ്. (2018 അഡ്മിഷൻ റഗുലർ/2015-2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനവരി ഒന്നുമുതൽ ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ ഏഴുവരെയും 525 രൂപ പിഴയോടെ ഒൻപതുവരെയും 1050 രൂപ സൂപ്പർഫൈനോടെ 10 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/2115/2019)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഫൈറ്റോ മെഡിക്കൽ സയൻസ് (2018 അഡ്മിഷൻ റഗുലർ. 2014-2017 അഡ്മിഷൻ സപ്ലിമെന്ററി, 2012-13 അഡ്മിഷൻ മേഴ്‌സി ചാൻസ്) നവംബർ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ അഞ്ചിന് തിരുവല്ല മാർ അത്താനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2116/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2117/2019)

## എം.ജി. എംപ്ലോയ്‌മെന്റ് ഗൈഡൻസ് ബ്യൂറോയിൽ കമ്പ്യൂട്ടർ പരീക്ഷ പരിശീലന സംവിധാനം; വിജയികൾക്ക് അനുമോദനം

മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്‌മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിച്ച കമ്പ്യൂട്ടർ പരീക്ഷ പരിശീലന സംവിധാനത്തിന്റെ ഉദ്ഘാടനവും ബ്യൂറോ നടത്തുന്ന വിവിധ മത്സര പരിശീലന പരിപാടികളിൽ പങ്കെടുത്ത് ജോലി കരസ്ഥമാക്കിയവരെയും റാങ്ക് പട്ടികകളിൽ

ഇടം നേടുകയും ചെയ്തവരെ അനുമോദിക്കുന്ന 'സഫലം 2019' പരിപാടിയും രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ ഉദ്ഘാടനം ചെയ്തു.

ഗൈഡൻസ് ബ്യൂറോയിൽ നടന്ന ചടങ്ങിൽ ചീഫ് പ്രൊഫ. ടി.വി. തുളസീധരൻ അധ്യക്ഷത വഹിച്ചു. എംപ്ലോയ്മെന്റ് എറണാകുളം മേഖല ഡെപ്യൂട്ടി ഡയറക്ടർ എം.എൻ. പ്രഭാകരൻ മുഖ്യപ്രഭാഷണം നടത്തി. മുൻ ഡെപ്യൂട്ടി ചീഫ് പി.ടി. അലക്സാണ്ടർ വിജയികളെ അനുമോദിച്ചു. മുൻ ഡെപ്യൂട്ടി ചീഫ് വി.കെ. രാമദാസ് ഉപഹാരങ്ങൾ സമ്മാനിച്ചു. ഓൺലൈൻ പരീക്ഷ പരിശീലനത്തിന്റെ ഉദ്ഘാടനം സബ് റീജണൽ എംപ്ലോയ്മെന്റ് ഓഫീസർ എ.എം. സോണിയ നിർവഹിച്ചു. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കെ.എം. ഉമ്മർ ഫലകം അനാച്ഛാദനം ചെയ്തു. ഡെപ്യൂട്ടി ചീഫ് ജി. ജയശങ്കർ പ്രസാദ്, ഡോ. കെ.എസ്. ബാസ്റ്റിയൻ, സി.ജെ. നെൽസൺ എന്നിവർ പ്രസംഗിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിച്ച കമ്പ്യൂട്ടർ പരീക്ഷ പരിശീലന സംവിധാനത്തിന്റെ ഉദ്ഘാടനവും ബ്യൂറോ നടത്തുന്ന വിവിധ മത്സര പരിശീലന പരിപാടികളിൽ പങ്കെടുത്ത് ജോലി കരസ്ഥമാക്കിയവരെയും റാങ്ക് പട്ടികകളിൽ ഇടം നേടുകയും ചെയ്തവരെ അനുമോദിക്കുന്ന 'സഫലം 2019' പരിപാടിയും രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/2118/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ